# MGNREGS Social Audit Report

**പവിത്രേശ്വരം**
**ഗ്രാമപഞ്ചായത്ത്**
**കരിമ്പിൻപുഴ വാർഡ് (വാർഡ് നമ്പർ 1)**
**വെട്ടിക്കവല ബ്ലോക്ക് കൊല്ലം ജില്ല**


**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള(MGNSASK)**
**2-ാംനില, സി.ഡബ്ല്യു.സി ബിൽഡിംഗ്സ്,**
**എൽ.എം.എസ് കോമ്പൗണ്ട്,പാളയം, വികാസ് ഭവൻ(പി.ഒ)**
**തിരുവനന്തപുരം-695033**

**ഫോൺ നമ്പർ : 04712724696.**

**ഇ-മെയിൽ: keralasocialaudit@gmail.com**

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെസംരക്ഷിച്ച നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് 2005 പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുവഴിനിഷ്കർഷിക്കുക പെട്ട ഗുണമേന്മയുള്ളതും സ്ഥിരമായിട്ട് ഉള്ളതുമായ ഉൽപാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയും ആണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. 2005 സെപ്റ്റംബർ അഞ്ചിനാണ് പാർലമെൻറ് തൊഴിലുറപ്പ് നിയമം പാസാക്കിയത് 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 100 ജില്ലകളിൽ പദ്ധതി ആരംഭിച്ച കേരളത്തിൽ വയനാട് ജില്ലകളിലും പദ്ധതി വ്യാപിച്ച കാലാകാലങ്ങളായി കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ആയിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

## പദ്ധതിയുടെ സവിശേഷതകൾ

- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- കരാറുകാരെ ഇടനിലക്കാരോ ഇല്ല .
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന വികസനം എന്നിവയാണ് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും അതിനുള്ള ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- പൊതുജനപങ്കാളിത്തത്തോടെ കൂടിയുള്ള ലേബർ ബഡ്ജറ്റ്
- സ്ത്രീകൾക്ക് മുൻഗണന
- ഗ്രമസഭ തന്നെ പദ്ധതി ഓഡിറ്റ് ചെയുന്നു

## പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് ഉൾപ്പെടുന്ന ആറ് പഞ്ചായത്തുകളിൽ ഒന്നാണ് പവിത്രേശ്വരം പഞ്ചായത്തു. മുഖ്യമന്ത്രി ആർ ശങ്കറിന്റെ ജന്മം കൊണ്ട് ചരിത്രത്തിൽ സ്ഥാനം നേടിയ പഞ്ചായത്താണ് പവിത്രേശ്വരം. തൊഴിലാളി മേഖലയാണ് പഞ്ചായത്തിൻറെ കരുത്ത്. കശുവണ്ടി വ്യവസായ രംഗത്ത് പ്രബലമായ പഞ്ചായത്തുകളിൽ ഒന്നാണിത്. ജില്ലയിൽ ഏറ്റവും കൂടുതൽ ഇഷ്ടിക നിർമ്മാണ കമ്പനികൾ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിൽ ആയിരുന്നു. ഇന്ന് അവയിൽ ഭൂരിപക്ഷവും അപ്രത്യക്ഷമായി .നെൽ കൃഷിക്ക് പേരുകേട്ട വയലുകൾ തരിശുനിലങ്ങൾ ആയി. ചെളി, മണ്ണ് ഖനനങ്ങൾ പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ഗുരുതരമായ പരിസ്ഥിതി പ്രശ്നമാണ് സൃഷ്ടിച്ചത്. ഉൾനാടൻ ഗ്രാമങ്ങൾ നിരവധി ഉള്ളതിനാൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പവിത്രേശ്വരം പഞ്ചായത്ത് ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ ഒന്നാം വാർഡ്ആയ കരിമ്പിൻപുഴ വാർഡ് ആണു ഓഡിറ്റിനായിതിരഞ്ഞെടുക്കപ്പെട്ടത് . 161 സജീവ് തൊഴിലാളികളാണ് ഈ വാർഡിൽ ഉള്ളത്.ഈ

വാർഡഇൽ തൊഴിലുറപ്പ് പദ്ധതി പൂർത്തീകരിച്ച് 4 പ്രവർത്തികളുടെ ഫയലുകൾ പരിശോധിക്കുകയും പ്രവർത്തികൾ നടന്ന സൈറ്റുകൾ സന്ദർശിക്കുകയും ചെയ്ത വർക്കുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

| വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചിലവായ തുക | ആരംഭിച്ച തീയതി | അവസാന തീയതി |
|---|---|---|---|---|---|
| 341015 | ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങളുടെഭൂമിയിൽ ഭൂവികസനപ്രവർത്തികൾ | 447600 | 411125 | 7.8.18 | 10.10.18 |
| 356472 | ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | 439836 | 419925 | 27.10.18 | 10.12.18 |
| 336317 | തോട് നവീകരണം . | 149669 | 137225 | 1.2.19 | 21.3.19 |
| 273164 | നഴ്സറി നിർമ്മാണം | 82673 | 50710 | 11.10.18 | 17.10.18 |

## സോഷ്യൽ ഓഡിറ്റ്

പൊതു സമൂഹം പദ്ധതി നിർവഹണത്തെ പറ്റിയും പൊതുധനം ചെലവഴിക്കുന്നതിനെകുറിച്ചുള്ള പരസ്യവും സ്വതന്ത്രവുമായി നടത്തുന്ന പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് . തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത് ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എല്ലാ വാർഡുകളിലും നിർബന്ധമായും നടത്തണ്ടേതാണ്. സുതാര്യത ഉറപ്പുവരുത്തി അഴിമതിരഹിതവും അതുവഴി സദ്ഭരണ സാധ്യമാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് സമൂഹത്തെ പാകപ്പെടുത്തിയിരിക്കുന്നു. തൊഴിലുറപ്പ് നിയമത്തിന്റെ 17 ( 2 )ൽ ആണ് സാമൂഹിക പരിശോധനയെ കുറിച്ച് പ്രതിപാദിക്കുന്നത്. അത് പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ ഗുണഭോക്താക്കൾ ഗുണഭോക്താക്കളുടെ ജീവിത സാഹചര്യത്തിനു ഫലപ്രദമായ മാറ്റം സൃഷ്ടിക്കുന്നതിനു പൊതുപ്പണം ശരിയായ രീതിയിൽ വിനിയോഗിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചോ എന്ന് വിലയിരുത്തലിന് വേണ്ടിയാണ് സോഷ്യൽ

ഓഡിറ്റ് നടത്തുന്നത്

## രീതിശാസ്ത്രം

- സോഷ്യൽ ഓഡിറ്റ് സംഘംചേരൽ.
- പരിശോധന ഫയൽ.
- പ്രവർത്തി സ്ഥലപരിശോധന.
- വീട്ടുവീടാന്തരം ഉള്ള വിവരശേഖരണം.
- തെളിവ് ശേഖരണം .
- സാമൂഹിക ബോധവൽക്കരണം.
- റിപ്പോർട്ട് തയ്യാറാക്കൽ .
- സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

തൊഴിലാളികളുടെ അവകാശങ്ങൾ .

തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ ഏതൊക്കെയാണെന്ന് ചുവടെ ചേർക്കുന്നു .

1. തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം.
2. അപേക്ഷിച്ച 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിനാൽ കൈപ്പറ്റ് രസീത് ലഭിക്കുവാനുള്ള അവകാശവും.
3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.
4. ഷെൽ ഒഫ്ഫ് പ്രൊജക്റ്റ് തയ്യാറാക്കാനുള്ള അവകാശം.
5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം.
6. കുടിവെള്ളം വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ലഭിക്കാനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുവാൻ ഉള്ള അവകാശം .
8. വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം .
9. പരാതി പരിഹാരത്തിനുള്ള അവകാശം.
10. സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം

## പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ.

1. അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള വരും പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ആയിരിക്കണം.
2. 18 വയസ്സ് പൂർത്തിയായിരിക്കണം.
3. ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കും.
4. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം.
5. ജോലിക്ക് മുൻകൂറായി അപേക്ഷിക്കണം.
6. അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ ഉള്ള തൊഴിലില്ലായ്മ വേതനം.
7. തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം .
8. മസ്റ്റർ റോൾ പൂർത്തീകരിച്ച 15 ദിവസത്തിനകം കൂലി.
9. കാലതാമസം ആകുന്ന ഓരോ ദിവസത്തിനും 0.5 ശതമാനം നിരക്കിൽ നഷ്ടപരിഹാരം
10. കുടിക്കാനുള്ള വെള്ളം പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം

## തൊഴിലാളികളുടെ കടമകൾ

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പുവെയ്ക്കുക
2. തൊഴിലുറപ്പ് ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും. കൃത്യമായി പങ്കെടുക്കുക.
3. .പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവനൊപാടുള്ളതല്ല .
4. സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവർത്തിയുടെ ആരംഭഘട്ടത്തിൽ തന്നെ നിർബന്ധമായും വയ്ക്കേണ്ടതാണ്.
5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുക.
6. ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ കണ്ടെത്തി പഞ്ചായത്ത് അധികൃതരെ അറിയിക്കുക .

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ആനുകൂല്യങ്ങളെ കുറിച്ചും അതുമായി ബന്ധപ്പെട്ട് ആവശ്യകതയെ കുറിച്ച് ഒരു വിശദീകരണം ഈ റിപ്പോർട്ട് മുഖാന്തരം തൊഴിലാളികളായ നിങ്ങളിലേക്ക് എത്തിക്കാൻ സാധിക്കും.ഈ റിപ്പോർട്ട് അടിസ്ഥാനത്തിൽ നിങ്ങൾക്ക് പ്രാപ്തമാക്കാൻ കഴിയുന്ന ഒട്ടനവധി വാസ്തുപരമായ കാര്യങ്ങൾ കവൈരിക്കാൻ നിങ്ങൾക്ക് ഏവർക്കും കഴിയട്ടെ.

### പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ,ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തി ലിസ്റ്റ് ചെലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

### 1. തൊഴിൽ കാർഡ് രജിസ്റ്റർ

തൊഴിൽ കാർഡ് രജിസ്റ്റർ പൂർണമായിരുന്നു എം ഐഎസിൽ നിന്നും രജിസ്റ്റർ ആയി തന്നെ സൂക്ഷിച്ചിരുന്നു .

### 2. ഗ്രാമസഭ രജിസ്റ്റർ

പൊതു ഗ്രാമസഭ രജിസ്റ്ററും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ രജിസ്റ്ററും ഒന്നുതന്നെയാനു. പഞ്ചായത്തിൻറെ മറ്റ് ഗ്രാമസഭകളിൽ തൊഴിലുറപ്പ് പദ്ധതി അജണ്ട ഉണ്ടാക്കി എന്തെങ്കിലും എഴുതി വെക്കുകയാണ് ചെയ്യുക. ഗ്രാമസഭയുടെ രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കേണ്ടതും, ഇതിൽ നിന്നാണ് പ്രവർത്തികൾ തിരഞ്ഞെടുക്കേണ്ടതും, ആണ്. ഇത് ഗൗരവത്തിൽ എടുക്കേണ്ടതുണ്ട്.

### 3. തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച എല്ലാ രേഖകളും 2018-19

ജൂൺ വരെയുള്ള രേഖകൾ എം ഐ എസിൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിട്ടുണ്ട് .

4. വർക്ക് രജിസ്റ്റർ

വർക്ക് രജിസ്റ്റർ പൂർണമായിരുന്നു. എം ഐ എസ് ഇൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിരുന്നു. പ്രവർത്തി ആരംഭിച്ചത് അതും അവസാനിച്ച തീയതി ബോധ്യപ്പെടുത്തിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രവർത്തികളും ഒരു വർക്ക് രജിസ്റ്റർ എന്ന നിലയ്ക്കാണ് രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. എം ഐ എസിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത കോപ്പി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നു.

5.സ്ഥിര ആസ്തി രജിസ്റ്റർ.

ലിസ്റ്റ് പൂർണ്ണമായും 2019 ജൂൺ വരെയുള്ള വ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഈ രജിസ്റ്ററിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്തിട്ടില്ല

6.പരാതി രജിസ്റ്റർ .

2015 മുതൽ ഉള്ള പരാതികളാണ് രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നത്. മൊത്തം 2019 വരെയുള്ള പരാതികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതികൾക്ക് എല്ലാം പരിഹാരം ഉണ്ടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

7. മെറ്റീരിയൽ രജിസ്റ്റർ

ജൂൺ വരെയുള്ള എല്ലാവർക്കുമെൻറെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് രേഖകളാണ് രജിസ്റ്റർ ആയി എം ഐ എസിൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിരിക്കുന്നത്

പഞ്ചായത്തിലെ തൊഴിലുറപ്പ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ലംഘനങ്ങൾ തൊഴിലുറപ്പു നിയമത്തിന് സെക്ഷൻ 25 പ്രകാരമുള്ള ഉള്ള ശിക്ഷാനടപടികൾ ക്ഷണിച്ച് വരുത്താൻ താൻ പര്യാപ്തമാണ്.

## പ്രവർത്തി നിർവ്വഹണം

1. സൈറ്റ് ഡയറി.

പ്രവർത്തി സ്ഥലത്ത് നടക്കുന്ന പ്രത്യേക സംഭവങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടിയാണ് ആണ് ഡയറി സൂക്ഷിച്ചിരിക്കുന്നത്. പ്രവർത്തി പരിശോധിക്കാൻ എത്തുന്ന ഉദ്യോഗസ്ഥർ വി

എം സി അംഗങ്ങൾ എന്നിവർ പ്രവർത്തിയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന പ്രത്യേക സംഭവങ്ങൾ അപകടങ്ങൾ മറ്റ് തടസ്സങ്ങൾ എന്നിവയും ഡയറി രേഖപ്പെടുത്തണമെന്നാണ് ആണ് വ്യവസ്ഥ .പരിശോധിച്ച് 4വർക്കുകളിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.

കവർപേജ് പൂർണമായും പൂരിപ്പിച്ച ഇരുന്നു. ചികിത്സാ ചെലവ് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകൾ ഡയറിയിൽ കാണുവാൻ സാധിച്ചില്ല...തൊഴിലിടം സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തി.യിരുന്നില്ല. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളായി ഒപ്പിട്ടിരിക്കുന്നതു 8 അംഗങ്ങലാന്നു. എന്നാൽ പ്രവർത്തിയുടെ പ്രയോജനത്തെക്കുറിച്ച് പുതിയ നിർദ്ദേശങ്ങളെ കുറിച്ചും ഒന്നും തന്നെ ഡയറി രേഖപ്പെടുത്തിയിരുന്നില്ല . തൊഴിൽഉപകരണങ്ങളുടെ വാടക യുടെ മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. സന്ദർശന കുറിപ്പ് ഓവർസിയരും, A.E ഉം ഒപ്പുവച്ചിരിക്കുന്നത് .തൊഴിലാളികൾക്ക് നൽകിയ നിർദേശങ്ങളെക്കുറിച്ച് അഭിപ്രായങ്ങളെ കുറിച്ചും കണ്ടെത്തിയ കാര്യങ്ങളെ കുറിച്ചും ഒന്നും തന്നെ പ്രതിപാദിച്ചിട്ടില്ല.

## 2. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി

ഓരോ വാർഡിലും അംഗീകരിച്ച 5 മുതൽ 7 പരേൽ കുറയാത്ത അത് ഒരു വി എംസി ഉണ്ടായിരിക്കണം എന്നതാണ് വ്യവസ്ഥ. . പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിലെ പുരോഗതി ഈ സമിതി വിലയിരുത്തുന്നതും തിരുത്തൽ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാവുന്നതാണ്. ഇതിൻറെ റിപ്പോർട്ട് വർക്ക് ഫയലുകളിൽ സൂക്ഷിക്കണ്ടേതും ഇത് ഭാവിയിലുള്ള ഗ്രാമസഭാ സോഷ്യൽ ഓഡിറ്റിങ് സഹായകമാകുന്നതാണ് .

## 3. എഫ് ടി ഓ - എം ബുക്ക് സംബന്ധിച്ച

എഞ്ചിനീയർ മൊത്തം ഹാജരും കൂട്ടി നോക്കി മസ്റ്റ് റോൾ ക്ലോസ് ചെയ്തു കഴിഞ്ഞാൽ ചെയ്ത പ്രവർത്തികൾ അളന്നു രേഖപ്പെടുത്തുകയും അതിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വാലുവേഷൻ സർട്ടിഫിക്കറ്റ് ഉണ്ടാക്കി കൂലി നൽകുന്നതിനായി

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കണമെന്ന് അതാണ് വ്യവസ്ഥ. പരിശോധിച്ച് 4 ഫയലുകളിലും പ്രവർത്തികൾ അളന്ന് തിട്ടപ്പെടുത്തിയത് ആയി കാണുവാൻ സാധിച്ചില്ല. എന്നാൽ ഫീൽഡിൽ നിന്ന് അറിയാൻ കഴിഞ്ഞത് പ്രവർത്തികൾ അളക്കുന്നതിന് കൃത്യമായ മാനദണ്ഡം പാലിച്ചിരുന്നില്ല എന്നതാണ്. ഓരോ മസ്റ്റർ കഴിയുമ്പോഴും കൃത്യമായി അളക്കാതെയാണ് ക്ലോസ് ചെയ്തു വാലുവേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു .ഫണ്ട് ട്രാൻസ്ഫർ തയ്യാറാക്കുന്നതിന് മുന്നേ പ്രവർത്തികൾ അളന്ന് തിട്ടപ്പെടുത്തുകയും അത് കൃത്യമായി എം ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

4 . സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

പ്രവർത്തി സ്ഥലത്തെ പ്രവർത്തിയെ സംബന്ധിച്ച് ലഘുവായ വിവരങ്ങളടങ്ങിയ തും സാധാരണക്കാരായ ഏതൊരു വ്യക്തിക്കും മനസ്സിലാകുന്ന ഭാഷയിൽ എഴുതിയതുമായ ഒരു ബോർഡ് ഉണ്ടായിരിക്കണം എന്നതാണ് .ചട്ടം.പ്രവർത്തി ആരംഭിക്കുന്ന സമയത്ത് തന്നെ തൊഴിലിടങ്ങളിൽ സ്ഥാപിക്കുന്ന അധികാരികരേഖയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് . പരിശോധിച്ച് 4പ്രവർത്തി സ്ഥലങ്ങളിലും ലും ഈ ബോർഡ് വച്ചിട്ടുണ്ട്. ഈ ബോർഡുകൾ എല്ലാം തന്നെ മേറ്റ് സ്വന്തം ചിലവിൽ വാങ്ങിയതാണ് .. ഈ ബോർഡി നായി ചിലവായ തുക കൾ ഇതുവരെയും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

5. ആസ്തി സൃഷ്ടിക്കൽ.

വിവിധ സർക്കാർ വികസന പദ്ധതികളുടെ വിവിധ ഘട്ടങ്ങളെ സമന്വയിപ്പിച്ച് പരമാവധി ആസ്തികൾ സൃഷ്ടിക്കാനും അതുവഴി ശരിയായ വികസനം സാധ്യമാക്കുകയും വേണം എന്നതാണ് വ്യവസ്ഥ.എന്നാൽ പരിശോധിച്ച് അഞ്ചു ഫയലുകളിൽ ഒന്നും തന്നെ യാതൊരു ആസ്തിയും സൃഷ്ടിച്ചതായി കാണാൻ കഴിഞ്ഞില്ല .എന്നാൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂ വികസനമെന്ന വർക്കുകളിലെ മഴകുഴിയും മൻകൈയാലയും ചെയ്തത് മൂലം ഒരു പരിധിവരെ ജലക്ഷാമത്തിൽ നിന്നും രക്ഷപ്പെടാൻ കഴിഞ്ഞു എന്നാണ്ഭൂഉടമകലിൽ നിന്നും അറിയാൻ കഴിഞ്ഞത്.

6. സന്ദർശന കുറിപ്പ്.

പ്രവർത്തി പരിശോധിക്കാൻ എത്തുന്ന ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ഗ്രന്ഥശാല ,ക്ലബ് ഭാരവാഹികൾ എന്നിവർക്ക് പ്രവർത്തി സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താം. 4 വർക്കുകളുടെ സന്ദർശനം കുറിപ്പുകളിലും ഓവർസീയറും വാർഡ് മെമ്പറും മാത്രമാണ് ഒപ്പുവച്ചിരിക്കുന്നത്.

7.ഹെൽപ്പ് ലൈൻ

കൊല്ലം ജില്ലയിലെ ഹെൽപ്പ് ലൈൻ നമ്പർ(1800 425 7800) പ്രവർത്തിക്കുന്നതായാണ് ബോധ്യപ്പെട്ടത് എന്നാൽ തൊഴിലാളികൾക്ക് ഇതിനെക്കുറിച്ച് അറിവുള്ള തായി അറിയാൻ കഴിഞ്ഞില്ല.

.

### കണ്ടെത്തലുകളും നിർദ്ദേശങ്ങളും

- തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് കൃത്യമായ ഒരു ധാരണയുമില്ല
- ഒരു കുടുംബത്തിൽ നിന്നും നൂറ് തൊഴിൽദിനം കിട്ടിയത് 103 തൊഴിലാളികൾക്കാണ്. ഭൂ ഉടമകൾ ഉൾപ്പെടെ ഇവിടെ മൊത്തം 163 തൊഴിലാളികളാണ് ആണ് ഉള്ളത്. ഇതിൽ നിന്നും 103 തൊഴിലാളികൾക്ക് നൂറുതൊഴിൽദിനം അനുവദിച്ചു കൊടുത്തതിനു നിർവഹണ ഉദ്യോഗസ്ഥരെ പ്രത്യേകം പ്രശംസിക്കേണ്ടതുണ്ട്.
- തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ അവകാശമായി അല്ല അവർ കാണുന്നത്, മേറ്റു നൽകുന്ന ഒരു ഔദാര്യം എന്നാണ് തൊഴിലാളികൾ മനസ്സിലാക്കുന്നത്.
- തൊഴിലാളികൾ എല്ലാവരും തന്നെ പ്രഗൽഭരായ കാണപ്പെട്ടുമെങ്കിലും അവർ കണ്ടെത്തിയിരിക്കുന്ന മിക്ക തൊഴിലുകളും പഞ്ചായത്ത് ഏറ്റെടുത്തു നടത്താറില്ല എന്നാണ് ആണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.
- ക്രിയാത്മക ചർച്ചകളിലൂടെ തൊഴിലാളികളുടെ പരമ്പരാഗത അറിവിനെ പ്രയോജനപ്പെടുത്തി അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് വേണം ഉദ്യോഗസ്ഥർ തൊഴിൽ തിരഞ്ഞെടുക്കേണ്ടത്
- തൊഴിലുറപ്പു നിയമം തൊഴിലാളികൾക്ക് ഉറപ്പുനൽകുന്ന തൊഴിൽ സൗകര്യങ്ങളായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമായി എന്ന് ബോധ്യപ്പെട്ടവർ ഉറപ്പുവരുത്തണം.
- നിയമപ്രകാരം ഉടമകൾ അവരുടെ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കാൻ അപേക്ഷ നൽകുകയും അത് പ്രകാരം അവർക്ക് ചെയ്തു കൊടുക്കുകയാണ് ചെയ്തത്. പരിശോധിച്ച പ്രവർത്തികളിൽ ഉടമകൾ എല്ലാം തന്നെ ഒരു ദിവസം ജോലി ചെയ്തതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.
- പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ ഭൂപ്രകൃതിയനുസരിച്ച് ആ പ്രദേശത്ത് ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ ആണ് എന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.
- ഒരു മഴക്കുഴി യുടെ കാലാവധി അഞ്ച് വർഷം ആണെന്നിരിക്കെ അത് ചാണകം, വാഴ, തെങ്ങ്, ചപ്പുചവറുകൾ എന്നിവയുള്ള കുഴികൾ ആയിട്ടാണ് കാണാൻ സാധിച്ചത്.
- ഒരു ടൈപ് മഴക്കുഴികൾ മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരം ഉണ്ടായിരുന്നത് എന്നാൽ പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത് അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്ന വലുതും ചെറുതുമായ മഴക്കുഴികൾ ആണ്.
- തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ 260 വർക്കുകൾ ചെയ്യാമെന്നിരിക്കെ സോഷ്യൽ ഓഡിറ്റ് ഫോറം പ്രകാരം കാണാൻ കഴിഞ്ഞത് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ മാത്രമാണ്.
- സാമൂഹിക സന്നദ്ധ സംഘടനകളുടെയും എൻജിഒ യുടെയും പങ്കാളിത്ത എങ്ങും തന്നെ കാണാൻ കഴിഞ്ഞില്ല.

- പദ്ധതി ആസൂത്രണത്തിന് വേണ്ട പരിശീലനം തൊഴിലുറപ്പ് സ്റ്റാഫുകൾക്ക് മെറ്റ് മാർക്കും നൽകേണ്ടിയിരിക്കുന്നു

## എം ഐ എസ് ഫോർമാറ്റ്.

സോഷ്യൽ ഓഡിറ്റ് മായി ബന്ധപ്പെട്ട ഫോർമാറ്റുകൾ ആയ 2എ,2ബി, 3,4എന്നിവ പരിശോധിക്കുകയും അതിൻറെ അടിസ്ഥാനത്തിൽ ഫോർമാറ്റുകൾ പൂരിപ്പിക്കുകയും ചെയ്തു. ഫയലിലെ രേഖകൾ തന്നെയാണ് എം ഐ എസിൽ കാണാൻ കഴിഞ്ഞത്.

## അവകാശാധിഷ്ഠിത നിഷേധങ്ങൾ

- തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് വ്യക്തിപരമായ അപേക്ഷ പഞ്ചായത്തിൽ കൊടുക്കാം എന്നും അറിയാമായിരുന്നിട്ടും കൂടെ എല്ലാ തൊഴിലാളികളും കളും മെറ്റിന്റെ സഹായത്തോടെ ഗ്രൂപ്പ് ആയിട്ടാണ് തൊഴിൽ ലഭിക്കാനുള്ള അപേക്ഷ നൽകിയിരിക്കുന്നത് . ചുരുക്കം ചില തൊഴിലാളികൾക്ക് അവകാശത്തെക്കുറിച്ച് അറിവില്ലായിരുന്നു. ഇത് വഴി തൊഴിലാളികളുടെ തൊഴിൽ അപേക്ഷിക്കാനുള്ള ഉള്ള അവകാശമാണ് ആണ് നിഷേധിക്കപ്പെട്ടത്.
- തൊഴിലാളികൾ അവകാശപ്പെട്ട 14 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണം അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം നൽകണമെന്ന് നിയമം നിലനിൽക്കെ തൊഴിലാളികൾക്ക് ഈ നിയമത്തെക്കുറിച്ചുള്ള അറിവ്, അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിച്ചതായി കാണാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള തൊഴിലാളികളുടെ അവകാശമാണ് നിഷേധിച്ചിരിക്കുന്നത്.
- തൊഴിൽ അപേക്ഷിച്ചിട്ടുണ്ട് ദിവസങ്ങളോളം കാത്തു നിൽക്കേണ്ട അവസ്ഥയാണ് ആണ് തൊഴിലാളികൾക്ക് ഉള്ളത് . പഞ്ചായത്തിൽ നിന്ന് വിവരങ്ങൾ തിരക്കുമ്പോൾ പുതിയ ജോലികൾ ഒന്നും ആയിട്ടില്ല എന്ന് പറഞ്ഞു തിരിച്ചയക്കുകയാണ് പതിവ് എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.
- തൊഴിൽ കാർഡ് എടുക്കുന്നതിന് തൊഴിലാളികളിൽ നിന്നും ചെലവായ ഫോട്ടോയെടുക്കുന്ന ചാർജ് ഫോട്ടോ കോപ്പി എടുക്കുന്ന ചാർജ് എന്നിവ തിരികെ നൽകേണ്ടതുണ്ട്. എന്നാൽ മേൽ പറഞ്ഞ തൊഴിലാളികൾക്ക് ഒന്നും തന്നെ ചിലവായ തുക ലഭിച്ചിട്ടില്ല.
- എം ജി എൻ ആർ ഇ ജി യെ നിയമപ്രകാരം തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം തണലൊരുക്കാൻ ഉള്ള ടാർപ്പാളിൻ, പ്രഥമശുശ്രൂഷ കിറ്റ് എന്നിവ നൽകണ്ടേതുണ്ട്. എന്നാൽ തൊഴിലാളികളിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഒന്നും തന്നെ കൊടുക്കുന്നതായി കാണുവാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ളം അടുത്തുള്ള വീടുകളിൽ നിന്നും മറ്റേ എത്തിക്കുകയാണ് പതിവ്.
- ഒരു മുറിവ് വന്നാൽ കൂടെ ഉപയോഗിക്കാൻ പറ്റിയ മരുന്നുകളൊന്നും തന്നെ അവരുടെ പക്കൽ ഇല്ല എന്നതും പ്രഥമശുശ്രൂഷ കിറ്റ് എന്നതു മറ്റേ സ്വന്തം

കയ്യിൽ നിന്ന് ഇന്ന് കാശ് ചിലവാക്കി  വാങ്ങിയ പ്രഥമ ശുശ്രൂഷ കിറ്റാണ് അവരുടെ പക്കൽ ഉള്ളത് .

- കയ്യുറ കാലുറ എന്നിവ  ഇല്ലാത്ത കാരണം പ്ലാസ്റ്റിക് കാലിൽ കെട്ടിയാണ് മാലിന്യങ്ങൾ നിറഞ്ഞ സ്ഥലതു  തൊഴിലാളികൾ പണിയെടുത്തിരുന്നത്.
- തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ വച്ച് അപകടം സംഭവിച്ചാൽ അവരുടെ ആശുപത്രി ചിലവ്, ആശുപത്രിയിൽ കൊണ്ടു പോകുന്നതിനുള്ള വണ്ടിക്കൂലിയും നൽകണ്ടേതുണ്ട്.  എന്നാൽ ബിന്ദു, പത്മജൻഎന്നീ തൊഴിലാളികൾക്ക്  പണി സൈറ്റിൽ വച്ചുണ്ടായ അപകടത്തിൽ  ആശുപത്രിയിൽ കൊണ്ടു പോയ ചെലവും വണ്ടിക്കൂലിയും  മേറ്റ്  ആണ് നൽകിയിരിക്കുന്നത് .
- നിയമപ്രകാരം  5 കിലോമീറ്റർ അപ്പുറം ജോലി ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് 10% യാത്ര കൂലി നൽകണ്ടേതാണ്.  അങ്ങനെ യാത്രാക്കൂലി ലഭിക്കുമെന്നും  ഉള്ള  തൊഴിലാളികളുടെ അവകാശത്തെക്കുറിച്ച്  അവർക്ക് അറിയില്ലായിരുന്നു.
- വിശദാംശങ്ങളടങ്ങിയ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് തൊഴിലിടങ്ങളിൽ സ്ഥാപിക്കണമെന്നാണ് നിയമം  . 4 വർക്കുസൈറ്റുകളിലും ബോർഡ് കാണുവാൻ കഴിഞ്ഞു. എന്നാൽ എല്ലാ സൈറ്റിലുംബോർഡ് വച്ചിരിക്കുന്നത്  ബിന്ദു എന്ന മേറ്റ് സ്വന്തം കയ്യിൽ നിന്നാണ് കാശ് ചിലവാക്കിയാണ്.  ഈ പൈസ ഇതുവരെയും പഞ്ചായത്തിൽനിന്നും മേറ്റിന്റെ അക്കൗണ്ടിൽ എത്തിയിട്ടില്ല എന്നാണ് മേറ്റ്മാരിൽ  നിന്നും തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്. മറ്റൊന്ന് ഈ ബോർഡുകളിൽ  വർക്കിന്റെ പേരു മാത്രമാണ് രേഖപ്പെടുത്തിയിരുന്നത് .
- മരുന്നു വാങ്ങുന്ന ബില്ലുകൾ ; ഫോട്ടോയെടുക്കുന്ന ബില്ലുകൾ  , ഫോട്ടോ കോപ്പി എടുക്കുന്നതിനു, വണ്ടിക്കൂലിക്ക് ചിലവുകൾ കൾ ഇവയൊന്നും കിട്ടുന്നില്ല എന്നാണ് മേറ്റുമാരുടെ പരാതി പരിഹാരം കാണണ്ടേതുണ്ട്.
- കാലാനുസൃതമായതും തൊഴിലാളികളുടെ ആവശ്യപ്രകാരം ഉള്ള ജോലികൾ അല്ല നൽകുന്നതെന്ന്  പരാതിയുയർന്നിട്ടുണ്ട്.  തൊഴിലാളികൾക്ക്  നല്ല ട്രെയിനിങ്ങ്കളും, ബോധവൽക്കരണ ക്ലാസുകളും ചെയ്യുന്നതിലൂടെ നമ്മുടെ ഭരണസംവിധാനങ്ങൾ കൂടുതൽ സുതാര്യമാക്കുവാൻ അതിലൂടെയും തൊഴിലുറപ്പ്

പദ്ധതി കൂടുതൽ ഫലപ്രദമാകും

**പൊതു നിർദ്ദേശങ്ങൾ.**

- തൊഴിലാളികൾക്ക് വർഷത്തിൽ 100 പണിക്കുള്ള അപേക്ഷ ഒരുമിച്ച് നൽകാൻ പ്രേരിപ്പിക്കണം. ഇത് ഫ്രണ്ട് ഓഫീസിൽ തന്നെ നൽകണം .തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകണം
- പദ്ധതി നടത്തിപ്പിലെ ഉന്നതതല ഉദ്യോഗസ്ഥർ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നു എന്ന് ഉറപ്പാക്കണം.
- പദ്ധതി നടത്തിപ്പുമായി ബന്ധ പ്പെട്ട എല്ലാ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർ പറ്റുന്നത്ര പ്രവർത്തി സ്ഥലങ്ങളിൽ കൃത്യമായി സന്ദർശിച്ചു ഇരിക്കേണ്ടതാണ്.
- വി എംസി അംഗങ്ങൾ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നവർ ആയിരിക്കണം. ഒരു സ്വതന്ത്ര ഓഡിറ്റിംഗ് സമിതിയായി വളരേണ്ടതുണ്ട്.
- സുതാര്യത ഉറപ്പാക്കാൻ എല്ലാ പ്രവർത്തി സ്ഥലത്തും സി ഐ ബി സ്ഥാപിച്ചിരിക്ക ണം.
- പങ്കാളിത്ത സമീപനം പദ്ധതി ആസൂത്രണത്തിൽ കർഷകരെയും തൊഴിലാളികളെയും പൊതുസമൂഹത്തെയും ഉൾപ്പെടുത്താൻ കഴിയണം.
- ജനകീയ എസി മേറ്റ് തയ്യാറാക്കുവാനും അത് തൊഴിലാളികൾക്ക് ലഭ്യമാക്കുകയും അവരെ പറഞ്ഞു മനസ്സിലാക്കുകയും വേണം
- തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്തുതലത്തിൽ വാങ്ങി സൂക്ഷിക്കുകയും ഇവ തൊഴിലാളികൾക്ക് ലഭ്യമാകുന്നു ഉണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം
- മേറ്റ് മാരെ തിരഞ്ഞെടുക്കുമ്പോൾ വിവേചനം പാടില്ല
- പ്രകൃതിവിഭവ പരിപാലനത്തിന് പ്രാധാന്യം നൽകി വണേം പദ്ധതികൾ ആസൂത്രണം ചയെ്യുവാൻ
- മറേ്റു മാർക്കും ബിഎംസി അംഗങ്ങൾക്കും സമയബന്ധിതമായി പരിശീലനം നൽകണം.
- ജവൈ സമ്പത്ത് വർധിപ്പിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കാൻ ശ്രമിക്കണം
- സ്ത്രീസൗഹൃദ പണിയായുധങ്ങൾ ആണന്നെ് ഉറപ്പാക്കണം

**അനുബന്ധങ്ങൾ**

## അനുബന്ധം 1 (ഫയൽ പരിശോധനയിൽ കണ്ടത്തെിയ വിവരങ്ങൾ)

കേന്ദ്ര സർക്കാർ നിർദേശപ്രകാരം താഴെ പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്

1. കവർപേജ്
2. ചെക്ക് ലിസ്റ്റ്

3. ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.
4. സാങ്കേതിക എസ്റ്റിമേറ്റ് ഡിസൈനും അടങ്ങിയ പുതിയ സാങ്കേതിക അനുമതിയുടെ കോപ്പി.
5. ഭരണാനുമതി യുടെ സാമ്പത്തിക അനുമതിയുടെയും കോപ്
6. കൺവർജൻസ് വിശദാംശങ്ങൾ
7. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
8. അനുവദിച്ചു കൊണ്ടുള്ള നോട്ടീസ് കോപ്പി
9. പൂരിപ്പിച്ച മാസ്റ്റർ റൊൾ കോപ്പി
10. മെഷർമെൻറ് ബുക്കിന്റെ കോപ്പി.
11. സാധനങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ ക്ഷണിച്ചതിൽ കംപാരറ്റീവ് സ്റ്റേറ്റ്മെൻറ് മെറ്റീരിയൽസ് സപ്ലൈ ഓർഡർ കോപ്പി
12. വേജസ് ലിസ്റ്റ്
13. വേതന ത്തിൻറെ സാധനങ്ങൾക്ക് പണമടച്ച അതിൻറെ എഫ് ടി കോപ്പി
14. മെറ്റീരിയൽ വൗച്ചർ ഇന്ത്യ ബില്ലുകളുടെ യും കോപ്പി
15. റോയൽറ്റി അടച്ച രസീത് കോപ്പി
16. മൂന്ന് ഘട്ടങ്ങളായുള്ള ഉള്ള തൊഴിൽ ഫോട്ടോകൾ
17. പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് കോപ്പി
18. മസ്റ്റർ റോൾ മൂവ്മെൻറ് സിൽപ്പ്
19. ആസ്തി ഉദെ ജിയോ ടാഗ് ഫോട്ടോസ്
20. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി
21. സൈറ്റ് ഡയറി
22. മറ്റ് അനുബന്ധ രേഖകൾ

കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഉള്ള ഒരു കവർ പേജ് ആണ് കാണാൻ കഴിഞ്ഞത്. കവർ പേജിൽ പ്രവർത്തിയുടെ പേര് ആരംഭിച്ച തീയതി, അവസാനിച്ച തീയതി, എസ്റ്റിമേറ്റ് തുക ,ചിലവായ തുക., മീറ്റിംഗ് പേര്, ഭരണാനുമതി നമ്പർ , സാങ്കേതികാനുമതി നമ്പർ, പഞ്ചായത്തിൻറെ പേര് അവാർഡിന് പേര് എന്നിവ കാണാൻ സാധിച്ചു ..

ചെക്ക് ലിസ്റ്റ്.

ഒരു പ്രവർത്തി ഫൈലിൽ ഏതൊക്കെ രേഖകൾ എവിടെ ഏത് പേജു മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച് 4 ഫയലുകളിലും ചെക്ലിസ്റ്റ് പകർപ്പ് ഉണ്ടായിരുന്നു .

ആക്ഷൻ പ്ലാൻ ഇൻറെ കോപ്പി

ഒരു പ്രവർത്തി പഞ്ചായത്തിൽ നടപ്പുവർഷത്തിൽ അനുവദിക്കണമെങ്കിൽ എങ്കിൽ അത് ആക്ഷൻ പ്ലാനിൽ ഉണ്ടായിരിക്കണം. നടന്ന പ്രവർത്തി ആക്ഷൻ പ്ലാനിൽ ഉണ്ട് എന്ന് തെളിയിക്കുന്നതിന് വേണ്ടി ആക്ഷൻ

പ്ലാനിന് കോപ്പി കൂടി ഫയലിൽ സൂക്ഷിക്കണ 0 .പരിശോധിച്ച് എല്ലാ ഫയലുകളിലും ലും ആക്ഷൻ പ്ലാനിന് കോപ്പിയും യും ഗ്രാമസഭാ തീരുമാനത്തിന് കോപ്പിയും സൂക്ഷിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ്

ഒരു പ്രവർത്തി എങ്ങനെ ഏതളവിൽ ചെയ്യണമെന്ന് എന്ന് സാങ്കേതികമായി പ്രതിപാദിപ്പിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. പരിശോധിച്ച് ഫയലുകളിലും എസ്റ്റിമേറ്റും സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന തരത്തിലുള്ള വിശദമായ എസ്റ്റിമേറ്റും സൂക്ഷിക്കുന്നു.

സാങ്കേതിക അനുമതി

ഒരു പ്രവർത്തിക്കു സാങ്കേതികവിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ഉള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതിരേഖ . മുഴുവൻ ഫയലുകളും സാങ്കേതിക അനുമതിരേഖ .സൂക്ഷിച്ചിരുന്നു. സാങ്കേതിക അനുമതിരേഖ രേഖകൾ സാങ്കേതികവിദഗ്ധരുടെ ഓപ്പോ,സി്‍ തീയതി എന്നിവ രേഖപ്പെടുത്തിയിരുന്നു

ഭരണാനുമതി രേഖ.

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ. എല്ലാ ഫയലുകളും സൂക്ഷിച്ചിരുന്നു. കമ്പ്യൂട്ടറിൽ നിന്ന് എടുത്ത കോപ്പിയാണ് ഫയലിൽ സൂക്ഷിക്കുന്നത് .അത്ിി നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പം തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിനു സമർപ്പിച്ചിരിക്കുന്ന ഗ്രാമസഭ തീരുമാനത്തിന്റെ കോപ്പിയും സൂക്ഷിച്ചിട്ടുണ്ട്.

ഡിമാൻഡ് ഫോറം

തൊഴിലാളി തൊഴിൽ ആവശ്യപ്പെടുന്നതിന്റെ അപേക്ഷയാണ് ഡിമാൻഡ് ഫൊർമ്. ആവശ്യപ്പെട്ടു 15 ദിവസത്തിനുള്ളിൽ ഉള്ളിൽ ജോലി നൽകിയോ എന്ന് അറിയുന്ന രേഖയാണ്. മേറ്റ് ഗ്രൂപ്പായി നൽകിയ അപേക്ഷയുടെ ഫോമാണ് ഫയലിൽ സൂക്ഷിച്ചിരുന്നത്. കൈപ്പറ്റ് രസീത് വാങ്ങിച്ചത് ആയിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്

വർക്ക് അലോക്കേഷൻ ഫോറം

പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ്. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ ജോലി ലഭിച്ചോ എന്നറിയാൻ ഈ ഫോറം സഹായിക്കും .. ഷെഡ്യൂൾ വൺ പാര 2 ഷെഡ്യൂൾ 2 പാര 14,21 എ എം സി ചാപ്റ്റർ 4.2 പ്രകാരം വർക്ക് അനുവദിച്ചുകൊണ്ടുള്ള ഫോറം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ ഫോറം ഫയലുകളിൽ സൂക്ഷിച്ചിരുന്നില്ല.

മസ്റ്റർ റോൾ

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്തുന്ന ആധികാരിക രേഖയാണ് മാസ്റ്റർ റോൾ. ഷെഡ്യൂൾ വൺ പാര 1, 5 ജി പ്രകാരമുള്ള പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോളുകൾ ഫയലിൽ കാണാൻ സാധിച്ചു . സെക്രട്ടറി, ബി.ഡി.ഓ എന്നിവരുടെ ഒപ്പം തീയതിയും രേഖപ്പെടുത്തിയിരുന്നു. മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നില്ല

മെഷർമെൻറ് ബുക്ക്

ഒരു പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് എപ്രകാരം

ആണ് എന്നും മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. പരിശോധിച്ച് എല്ലാ ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു. മെഷർമെൻറ് ബുക്ക് പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിരുന്നു.

പ്രവർത്തി പൂർത്തീകരിക്കുന്നതിന് വിവിധ ഘട്ടങ്ങളിലെ തുക ആകുമ്പോഴും ഒടുവിൽ പ്രവർത്തിക്കു അനുവദിച്ച തുക പ്രകാരമുള്ള ആകെത്തുക അനുവദിക്കുമ്പോഴും മെഷർമെൻറ് ബുക്കിൽ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഒപ്പും സീലും എന്നിവ പതിപ്പിച്ചിട്ടുണ്ട്

വെജ് ലിസ്റ്റ്

മസ്റ്റർ റോള്ളിനു ആനുപാതികമായി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയാണ് വെജ്ജ ലിസ്റ്റ്.. പരിശോധിച്ച് എല്ലാ ഫയലുകളിലും ലിസ്റ്റ് കാണാൻ സാധിക്കും

ഫണ്ട് ട്രാൻസ്ഫർ ഓഡർ

മസ്റ്റർ റോളും, വേജ്ജ ലിസ്റ്റിനു അനുസരിച്ച് തൊഴിലാളിക്ക് വേതനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പരിശോധിച്ച് എല്ലാ ഫയലുകളിലും ഫണ്ട് ട്രാൻസ്ഫർ ഓർഡർ കാണാൻ കഴിഞ്ഞു .

ഫോട്ടോഗ്രാഫ്

ഒരു പ്രവർത്തി തുടങ്ങുന്നതിനുമുമ്പേ പ്രവർത്തി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവർത്തി പൂർത്തീകരിക്കുന്നതിന് ശേഷവുമുള്ള മൂന്നു ഘട്ടങ്ങളുള്ള ഫോട്ടോ പ്രവർത്തി ഫയലുകളിൽ സൂക്ഷിച്ചിരുന്നു .എന്നാൽ ജിയോ ടാഗ് ഫോട്ടോസ് ഫയൽ സൂക്ഷിച്ചിരുന്നില്ല.

പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തി പൂർത്തീകരിച്ചത് രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷിപത്രം. എന്നാൽ പരിശോധിച്ച് ഫയലുകളിൽ എല്ലാം തന്നെ പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം ഒപ്പും സീലും എന്നിവയോടുകൂടി കാണാൻ കഴിഞ്ഞു .

മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തെയും മാസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളിലും ഏതൊക്കെ തീയതികളിൽ എന്ത് നടന്നു എന്ന് മനസ്സിലാക്കുന്നതാണ് മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്. പരിശോധിച്ച് എല്ലാ ഫയലുകളിലും ഇത് കാണാൻ സാധിച്ചു

സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. പരിശോധിച്ച് എല്ലാ ഫയലുകളും സൈറ്റ്ഡയറി കാണാൻ കഴിഞ്ഞു .തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങൾ, ചികിത്സാസഹായം സംബന്ധിച്ചുള്ള രേഖകൾ എന്നിവ ഒഴിച്ച് ബാക്കി എല്ലാ പേജുകളും പൂർണ്ണമായും പൂരിപ്പിച്ച് ഇരുന്നു .സന്ദർശന കുറിപ്പിൽ വാർഡ് മെമ്പറും ഓവർസിയർ മാത്രമാണ് സന്ദർശിചിരിക്കുന്നതു.

## അനുബന്ധം 2 (വർക്ക് സൈറ്റിൽ പ്രവർത്തി നെരിട്ട് പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ)

| | |
|---|---|
| പ്രവർത്തിയുടെ പേര് | നഴ്സറി നിർമ്മാണം |

| | |
|---|---|
| പ്രവർത്തിയുടെ കോഡ് | 273164 |
| പ്രവർത്തി ആരംഭിച്ച തീയതി | 11/10/18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 17/10/18 |
| എസ്റ്റിമേറ്റ് തുക | 82673 |
| ചെലവായ തുക | 50710 |
| തൊഴിൽ ദിനം | 180 |

നഴ്സറി നിർമ്മാണം പദ്ധതിയുടെ ഭാഗമായി ഔഷധസസ്യങ്ങളുടെ നഴ്സറി ഉണ്ടാക്കുക എന്നതായിരുന്നു ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി തൊഴിലാളികൾക്ക് നേരിട്ട് ബ്ലോക്കിൽ നിന്നുവേപ്പ് കറിവേപ്പ് എന്നിവയുടെ അരികൾ കൊടുത്തു വിടുകയായിരുന്നു. അതിനുശേഷം അത് ശാസ്ത്രീയമായ രീതിയിൽ പരിപാലിച്ചു അരിയിൽ നിന്ന് തൈകൾ ഉണ്ടാക്കിയ ശേഷം പാക്കറ്റിൽ ആക്കുകയായിരുന്നു. ഇതിന് ശാസ്ത്രീയമായ പരിപാലനത്തിനു വേണ്ടി ചകിരിച്ചോറ് 15 ചാ ക്ക്മെറ്റ് സ്വന്തം ചെലവിലാണ് ഇറക്കിയത്.ഇതിനുപുറമേ തണലിനായി വേണ്ടിയുള്ള വല, വിതരണം ചെയ്യുന്നതിനുള്ള കവറുകൾ തുടങ്ങിയ എല്ലാ ചിലവുകളും മെറ്റ് സ്വന്തം പക്കൽ നിന്നാണ് എടുത്തിട്ടുള്ളത് . എല്ലാംബില്ലുകലും പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുണ്ട് എങ്കിലും ഒരു വർഷത്തിന് അടുത്ത് ആയിട്ടുംഈതുക പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല എന്നാണ് തൊഴിലാളികളിൽ നിന്നും മെറ്റിൽ നിന്നുംഅറിയാൻ കഴിഞ്ഞത്.

ചെലവായ തുക കളായ വല 7800, നിരക്കാനുള്ള കവർ 2200 , ചകിരിച്ചോറ് 5500 ബോർഡ് 3000 ഈ തുകകൾ എല്ലാം തന്നെമെറ്റ് സ്വന്തം കയ്യിൽ നിന്നാണ് ചിലവഴി ചിരിക്കുന്നത് . ഏകദേശം 5500 ഓളം കവറുകൾ കൾ നിറച്ചു എന്നാണ് മേറ്റിൽനിന്നും തൊഴിലാളികളും നിന്നും അറിയാൻ കഴിഞ്ഞത്. . 56 തൊഴിലാളികൾ ചേർന്നാണ് നേഴ്സറി നിർമ്മാണവും പരിപാലനവും നടന്നത്.

ഈ പദ്ധതിയുടെ ഭാഗമായി പരിപാലനം നടത്തിയ തൈകളിൽ 200ലധികം തൈകൾ ബാക്കി വന്നിട്ടുണ്ട്.ഈതിന്റെ കാര്യത്തിൽ പഞ്ചായത്തിൽ നിന്ന് ഒരു തീരുമാനവും ഉണ്ടായിട്ടില്ല . ഇത്തരം പദ്ധതികൾ ചെയ്യുന്നത് തൊഴിലാളികൾക്ക് സന്തോഷം മാത്രമാണുള്ളതെന്നും ഇങ്ങനെയുള്ള പ്രവർത്തികൾ ചെയ്യാൻ തൊഴിലാളികൾ സന്നദ്ധരാണെന്ന് തൊഴിലാളികളും മെറ്റ് ആയ ബിന്ദുവും കൂടി അറിയിച്ചു. പഞ്ചായത്തിൽ നിന്ന് ചിലവാക്കിയ തുക തിരികെ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് മേറ്റ് തൊഴിലാളികൾക്ക് 100 ദിവസം തികയ്ക്കാൻ സഹായിച്ച പദ്ധതി കുടിയാനു നഴ്സറി നിർമ്മാണം

| | |
|---|---|
| പ്രവർത്തിയുടെ പേര് | തോട് നവീകരണം |
| പ്രവർത്തിയുടെ കോഡ് | 336317 |
| പ്രവർത്തി ആരംഭിച്ച തീയതി | 1.2.19 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 21.3.19 |
| എസ്റ്റിമേറ്റ് തുക | 149669 |
| ചെലവായ തുക | 137225 |
| തൊഴിൽ ദിനം | 531 |

അഞ്ചുമാസം മുമ്പും നവീകരിക്കപ്പെട്ട ഈ തോട് സസ്യങ്ങളും മറ്റും വേസ്റ്റ് മാലിന്യങ്ങളും കൊണ്ട് മൂടി കിടക്കുന്നതായി കാണാൻ കഴിഞ്ഞു .തൊഴിൽ ചെയ്തിരുന്ന സമയത്ത് സഞ്ജയൻ എന്ന തൊഴിലാളി മണ്ണ നീക്കുന്ന തിനിടയിൽ ആഴമുള്ള ഈ തോട്ടിലേക്ക് വീഴുകയും യും അപകടം സംഭവിക്കുകയും ചെയ്തിരുന്നു . ഈ തൊഴിലാളിക്ക് ആവശ്യമായ ആശുപത്രി ചെലവ് വഹിച്ചത് ബിന്ദു എന്ന മേറ്റ് ആണ്. പഞ്ചായത്തിൽ ബില്ലുകൾ

സമർപ്പിച്ചിട്ടുണ്ട് എങ്കിലും നാളിതുവരെ ചിലവഴിച്ച തുക ലഭിച്ചിട്ടില്ല

കല്ലടയാറിന് തീരത്തും കുന്നത്തൂർ പാലത്തിൻറെ അടുത്തായി സ്ഥിതി ചെയ്യുന്ന വാർഡ് ആണ് കരിമ്പിൻപുഴ വാർഡ്. അതുകൊണ്ട് പ്രളയത്താൽ മുങ്ങിപ്പോയ ഒരു വാർഡ് കൂടിയാണിത്. കല്ലടയാറ് ലേക്കുകരിമ്പിൻപുഴ വാർഡിലെ വെള്ളം തടസ്സം കൂടാതെ എത്തിച്ചേരുന്നതിന് വേണ്ടി സഹായിക്കുന്ന ഒരു കൈതോട് കൂടിയാണിത്. തോട് ൻറെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുക യാണെങ്കിൽ ഒരു തുള്ളി ജലം പോലും കരിമ്പിൻപുഴ വാർഡിൽ നിന്ന് കല്ലടയാരിൽഎത്തിക്കാൻ കഴിയുന്ന സാഹചര്യത്തിൽ ആയിരുന്നില്ല .

| | |
|---|---|
| പ്രവർത്തിയുടെ പേര് | ഭൂവികസന പ്രവർത്തികൾ |
| പ്രവർത്തിയുടെ കോഡ് | 356472 |
| പ്രവർത്തി ആരംഭിച്ച തീയതി | 27/10/18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 10/12/18 |
| എസ്റ്റിമേറ്റ് തുക | 439836 |
| ചെലവായ തുക | 419925 |
| തൊഴിൽ ദിനം | 1500 |

. വർക്ക് സൈറ്റിൽ നേരിട്ട് പരിശോധന നടത്തി അളവുകൾ എടുത്തതിന് വിശദാംശങ്ങൾ,

| നമ്പർ | പേരും മേൽവിലാസവും | മഴക്കുഴി | വേസ്റ്റ് കുഴി | മണ് കയ്യാല | തട്ട് തിരിക്കൽ | കട്ടി മണ്ണ് കിളകൽ |
|---|---|---|---|---|---|---|
| 1 | ജയശ്രീ അജയ് ഭവനം | 40 | 1 | 60മിറ്റ്ര് 1.2 | 52മിറ്റ്ര് | 60സെന്റ് |
| 2 | അംബിക കുമാരി അഭി മന്ദിരം | 5 | 2 | 12മിറ്റ്ര്1.2 | 10മിറ്റെര് | 10സെന്റ് |
| 3 | അജിതകുമരി ആഷാഭവനം | 16 | 2 | 350മിറ്റ്ര് 1.2 | 350മിറ്റ്ര് | 90സെന്റ് |
| 4 | ഗീതാകുമരി കൃഷ്ണകൃപ | 4 | 1 | 15മിറ്റ്ര്1.2 | 450മിറ്റ്ര് | 25സെന്റ് |
| 5 | ലക്ഷ്മനൻ മാധവി സദനം | 62 | 1 | 90മിറ്റ്ര്1.2 | 40മിറ്റ്ര് | 100സെന്റ് |
| 6 | ഗിരിജകുമരി രാമകൃഷ്ണ മഠം | 26 | 3 | 30മിറ്റ്ര്.6 | 80മിറ്റ്ര് | 40സെന്റ് |
| 7 | ബിന്ദു മോൾ നന്ദനം | 20 | 1 | 28മിറ്റ്ര്1.2 | 40മിറ്റ്ര് | 30സെന്റ് |
| 8 | ആനന്ദവല്ലി അമ്മ സുരേഷ് ഭവനം | 20 | 1 | 30മിറ്റ്ര്1.2 | 10മിറ്റ്ര് | 10സെന് |
| 9 | രത്നമ്മ റ്റൂട്ട് വിള കുഴിയിൽ | 30 | 2 | 320മിറ്റ്ര്1.2 | 320മിറ്റ്ര് | 320സെന്റ് |
| 10 | സരസ്വതിയമ്മ സൂരജ് bhawan | 12 | 1 | 36മിറ്റ്ര്1.2 | 36മിറ്റ്ര് | 15സെന്റ് |
| 11 | ഉമയമ്മ സാകേതം | 25 | 1 | 80മിറ്റ്ര്1.2 | - | 25സെന്റ് |
| 12 | രഘുനാഥൻ പിള്ള അർപ്പണം | 34 | 1 | 55മിറ്റ്ര്1.2 | 35മിറ്റ്ര് | 66സെന്റ് |
| 13 | രാധാമണിയമ്മ ചന്ദ്രാലയം | 9 | 1 | 32മിറ്റ്ര്1.2 | - | 20സെന്റ് |
| 14 | വത്സലകുമാരി ചാങ്ങയിൽ വീട് | 5 | 1 | | | |
| 15 | വസന്തകുമാരി കളിയിൽ വീട് | 15 | 1 | 90മിറ്റ്ര്1.2 | 90മിറ്റ്ര് | 60സെന്റ് |
| 16 | ഓമനക്കുട്ടൻ പിള്ള ഉണ്ടൂ മേൽ വീട് | 8 | 1 | | | 80സെന്റ് |

| | | | | | | |
|---|---|---|---|---|---|---|
| 17 | ശങ്കരപ്പിള്ള ബിജു ഭവനം | 15 | 1 | 35മിറ്റർ1.2 | 80മിറ്റർ | 86സെന്റ് |
| 18 | സുശീല ദേവി ദേവി vihar | 16 | 1 | | | 74സെന്റ് |
| 19 | അനിതകുമാരി അനുഭവനം | 10 | 1 | 20മിറ്റർ1.2 | | 50സെന്റ് |
| 20 | മധുസൂദനൻ പിള്ള സുനിൽ ഭവനം | 15 | 1 | 20മിറ്റർ1.2 | 20മിറ്റർ | 60സെന്റ് |

മഴക്കുഴി

വിദഗ്ധ തൊഴിലാളികളുടെ മേൽനോട്ടത്തിൽ കൃത്യമായ അളവിൽ മഴക്കുഴി നിർമ്മിച്ചിട്ടുണ്ട് .ഉടമകളിൽ നിന്നും തൊഴിലാളികൾക്ക് അനുകൂലമായ അഭിപ്രായമാണ് അറിയാൻ സാധിച്ചത്. വേനൽക്കാലത്ത് പോലും ആളുകൾക്ക് മഴക്കുഴി യുടെ സഹായത്തോടെ കിണറ്റിൽ ജലം ലഭ്യമാണ്. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നടത്തിയ പല പുരയിടങ്ങളിലും മഴക്കുഴികൾ നിർമിക്കുക ഉണ്ടെങ്കിലും അവയിൽ വാഴ തെങ്ങ് കാച്ചിൽ ചേമ്പ് ചേന തുടങ്ങിയവ നട്ട് തായി കാണാൻ കഴിഞ്ഞു. എന്നാൽ തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത് ഇതൊന്നും നടരുതെന്നും ഉടമയോട് പറയുകയാണെങ്കിൽ തൊഴിലാളിക്ക് ഉടമയുടെ പുരയിടങ്ങളിൽ ജോലി ചെയ്യാൻ സമ്മതിക്കില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ പ്രളയം നല്ല രീതിയിൽ ബാധിച്ച ഒരു വാർഡ് കൂടിയാണ് കരിമ്പിൻപുഴ അതുകൊണ്ട് മഴക്കുഴികൾ എല്ലാം തന്നെ നികന്ന്നിലയിൽ ആണ് കാണാൻ കഴിയുന്നത്,

വേസ്റ്റ് കുഴി

വേസ്റ്റ് കുഴിയുടെ കൃത്യമായ ഉപയോഗമാണ് നടന്നിട്ടുള്ളത് .കൃത്യമായ അളവിൽ ആണ് എല്ലാം നിർമ്മിച്ചിരിക്കുന്നത്. ചിലയിടങ്ങൾ ഉ ഉടമകൾസ്വകാര്യ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട് .

മൺ കയ്യാല

പലയിടങ്ങളിലു0 വളരെ വൃത്തിയായും അളവിന് അനുസൃതമായാണ് ചെയ്തിരിക്കുന്നത്. അത് എല്ലാം തന്നെ ദീർഘകാലം നിലനിൽക്കുന്ന ആയിട്ടാണ് കാണുന്നത്. ശക്തമായ പ്രളയം വന്നിട്ട് പോലും കയ്യാലകൾ എല്ലാം സ്ഥിര ആസ്തികൾ ആയിട്ടാണ് കാണാൻ കഴിയുന്നതു.

തട്ട് തിരിക്കൽ

തട്ട് തിരിക്കൽ കൃത്യമായ അളവിൽ തന്നെ എസ്റ്റിമേറ്റ് പ്രകാരം ചെയ്തിട്ടുണ്ട് . ഇവയെല്ലാംതന്നെ പ്രളയം വന്നിട്ട് പോലും സ്ഥിര ആസ്തികൾ ആയി തന്നെ നില നിൽക്കുന്നു.

കട്ടി മണ്ണ് കിളകൽ

ഉടമയുടെ താൽപര്യപ്രകാരം കാർഷിക ആവശ്യങ്ങൾക്കായി കിളച്ച വൃത്തിയാക്കി കൊടുത്തിരുന്നു എന്നാണ് ഉടമകളിൽ നിന്ന് അറിയാൻ കഴിഞ്ഞത്.

| | |
|---|---|
| പ്രവർത്തിയുടെ പേര് | ഭൂവികസന പ്രവർത്തികൾ |
| പ്രവർത്തിയുടെ കോഡ് | 341015 |
| പ്രവർത്തി ആരംഭിച്ച തീയതി | 7/8/18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 10/10/18 |
| എസ്റ്റിമേറ്റ് തുക | 447600 |
| ചെലവായ തുക | 411125 |

| | |
|---|---|
| തൊഴിൽ ദിനം | 1500 |

വർക്ക് സൈറ്റിൽ നേരിട്ട് പരിശോധന നടത്തി അളവുകൾ എടുത്തതിന് വിശദാംശങ്ങൾ,

| നമ്പർ | പേരും മേൽവിലാസവും | മഴക്കുഴി | വേസ്റ്റ് കുഴി | മൺ കയ്യാല | കട്ടി മണ്ണ് കിളകൽ |
|---|---|---|---|---|---|
| 1 | പ്രമീള കളിയിൽ അഴീക്കൽ വീട് | 27 | 1 | 226m1.2 | 60സെന്റ് |
| 2 | അമ്പിളി പാറവിള പുത്തൻ വീട് | 28 | | 25മിറ്റ്ർ | |
| 3 | സരസ്വതിയമ്മ തെക്കേക്കര | | | 35മിറ്റ്ർ | 20സെന്റ് |
| 4 | വസന്തകുമാരി നിർമ്മാല്യം | 35 | 3 | 6മിറ്റ്ർ | 6സെന്റ് |
| 5 | വത്സലകുമാരി ശ്രീ ഭവനം | 3 | 1 | 10മിറ്റെർ | 10സെന്റ് |
| 6 | ബാലകൃഷ്ണൻ ആലുവിള | 40 | 2 | 30മിറ്റർ | 30സെന്റ് |
| 7 | വസന്തകുമാരി വനിതാ bhawan | 20 | 1 | 210മിറ്റെർ | 55സെന്റ് |
| 8 | ബിന്ദു ലക്ഷ്മി ഭവനം | | 2 | 30മിറ്റെർ | 30സെന്റ് |
| 9 | ഗോപിനാഥൻ പിള്ള | 16 | 1 | 23മിറ്റെർ | 60സെന്റ് |
| 10 | രമണി ഷിബു ഭവനം | 2 | 3 | 25മിറ്റെർ | |
| 11 | രാധാമണിയമ്മ | 27 | 1 | 126മിറ്റെർ | 30സെന്റ് |
| 12 | രാജീവ് | 26 | 1 | 140മിറ്റെർ | 20സെന്റ് |
| 13 | സുമംഗല രാധാ മന്ദിരം | 10 | 1 | 60മിറ്റെർ | 25സെന്റ് |
| 14 | മിനിമോൾ പ്രധാന വിള | 12 | 2 | 10മിറ്റെർ | 15സെന്റ് |
| 15 | ലക്ഷ്മി | 13 | 1 | 20മിറ്റെർ | 20സെന്റ് |
| 16 | രാഗിണി അമ്മ്ബംഗ്ലാവിൽ | 24 | 1 | 60മിറ്റെർ | 25സെന്റ് |
| 17 | തങ്കമ്മ ഇടവഴി തുണ്ട് | 1 | 1 | 15മിറ്റെർ | 5സെന്റ് |
| 18 | വാസു രാഗി വടക്കേ കെ മാനവൽ | 36 | 1 | 60മിറ്റെർ | 42സെന്റ് |
| 19 | സരോജിനിയമ്മ അരിക്ക് കുഴി വീട് | 30 | 1 | 20മിറ്റെർ | 45സെന്റ് |
| 20 | ഉഷാകുമാരി | 23 | 1 | 25മിറ്റെർ | 20സെന്റ് |
| 21 | സുഭദ്ര തുണ്ടിൽ | 8 | 1 | 28മിറ്റെർ | 10സെന്റ് |
| 22 | ശാരദ ഇല വിള വീട് | 4 | 1 | 14മിറ്റെർ | 12സെന്റ് |
| | | | | | |

മഴക്കുഴി

മഴക്കുഴികൾ എല്ലാം തന്നെ കൃത്യമായ അളവിൽ തന്നെയാണ് എടുത്തിരിക്കുന്നത് മഴക്കുഴികൾ ഉടമകൾ സ്വകാര്യ കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നു ആകെ 400 മഴക്കുഴികൾ ആണ് എടുക്കേണ്ടത്. എന്നാൽ 385 മഴക്കുഴികൾ ആണ് കാണാൻ സാധിച്ചത്. ഉടമകൾ മഴക്കുഴി ഉപയോഗപ്രദമായ രീതിയിൽ ആണ് ഉപയോഗിച്ചിട്ടുള്ളത്.

വേസ്റ്റ് കുഴി

മാലിന്യ നിർമ്മാർജനത്തിന് വേണ്ടിയാണ് പ്രത്യേകമായും വേസ്റ്റ് നിർമ്മിച്ചിട്ടുള്ളത് സന്ദർശിച്ച വീടുകളുടെ ഒട്ടുമിക്ക ഉടമകളും വേസ്റ്റ് കുഴി ഉപയോഗപ്രദം ആക്കിയിട്ടുണ്ട് .എന്നാൽ മൂന്നു വീടുകളിൽ വേസ്റ്റ് കുഴി ഉപയോഗിച്ചിട്ടുള്ളത് ചാണകക്കുഴി ആയിട്ടാണ്. ചിലത് ഉടമയുടെ സ്വകാര്യ ആവശ്യങ്ങൾക്കായി മൂടി ഉപയോഗിച്ചിട്ടുണ്ട്.

മൺ കൈയ്യാല

ഈ പദ്ധതിയിടെ ഏറ്റവും വലിയ പ്രത്യേകത മൺ കൈയ്യാലകൽ

വളരെ ഉയരമുള്ളതും ബലമുള്ളതും ആയിരുന്നു എന്നതാണ്. പ്രളയ ബാധിത മേഖലകളിൽ പോലും കയ്യാലകൾ ഇന്നും നന്നായി നിലനിൽക്കുന്നുണ്ട്.അളവിൽ ചെറിയ വ്യതിയാനങ്ങൾ വന്നിട്ടുണ്ടെങ്കിലും തൃപ്തികരമായിരുന്നു.

കട്ടി മണ്ണ് കിളകൽ

കൃഷിക്ക് അനുയോജ്യമായ രീതിയിലാണ് എല്ലാ ഭൂമിയിലും കട്ടി മണ്ണ്  കിളച്ച് ട്ടുള്ളത് ഭൂവുടമകൾ  കൃഷി ആവശ്യത്തിനായി ഇത് വിനിയോഗിച്ചിട്ടുമുണ്ട്

ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ .

തൊഴിലുറപ്പ് പദ്ധതിയുടെ അവകാശ അവലോകന ഗ്രാമസഭയ്ക്ക് മുന്നോടിയായി പഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ എല്ലാം വിളിച്ച ചേർത്തു ഒരു ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ നടത്തുകയുണ്ടായി. അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക എന്നതായിരുന്നു ചർച്ചയുടെ പ്രധാനലക്ഷ്യം

160 തൊഴിലാളികളുള്ള ഗ്രാമപഞ്ചായത്തിൽ ഏകദേശം 108 തൊഴിലാളികൾ ഈ ചർച്ചയിൽ പങ്കെടുത്തു. 2008  ആണ് ഗ്രാമപഞ്ചായത്ത്ഈ പദ്ധതി ആരംഭിക്കുന്നത്. 12 വർഷത്തോളമായി ഈ പദ്ധതിയുടെ കീഴിൽ ജോലി ചെയ്യുന്നവരും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അടുത്ത സമയത്ത് ജോലി തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തിട്ടുണ്ട്. സ്ത്രീകൾക്ക് തന്നെയായിരുന്നു മുൻഗണന വിരലിലെണ്ണാവുന്ന പുരുഷന്മാർ മാത്രമാണ് ചർച്ചയിൽ പങ്കെടുത്തത്. 90% പ്രായംചെന്നവർ ആയിരുന്നു

- മൈലം ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ തൊഴിൽകാർഡ് അപേക്ഷിച്ച് 18 വയസ് പൂർത്തിയായവർക്കും 15 ദിവസത്തിനകം തന്നെ തൊഴിൽ കാർഡ് ലഭിചതായി അറിയാൻ സാധിച്ചു.
- തൊഴിലാളികൾക്ക് ക്ക് അപേക്ഷ നൽകാം എന്ന് അറിയാമായിരുന്നിട്ടും കൂടി അവർ മെറ്റിന്റെ സഹായത്തോടെയാണ് തൊഴിൽ അപേക്ഷ നൽകിയിരുന്നത്. അതുകൊണ്ട് തൊഴിലാളിയുടെ കൈവശം പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന കൈപ്പറ്റ് രസീതു ഉണ്ടായിരുന്നില്ല. അതുകൊണ്ട് 14 ദിവസത്തിനകം ജോലി ലഭിക്കണം എന്നുള്ള അവകാശമാണ് ലംഘിക്കപ്പെടുന്നത്.
- തൊഴിലിടം സൗകര്യങ്ങളായ കുടിവെള്ളം, പ്രഥമശുശ്രൂഷ കിറ്റ്, തണൽ എന്നിവ  ഉണ്ടായിരിക്കേണ്ട തു തൊഴിലാളികളുടെ അവകാശമാണ് എന്നാൽ തൊഴിലാളികളിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത് കുടിവെള്ളം മാത്രമാണ്  ലഭ്യമാക്കിയിട്ടുള്ളത് എന്നാണ്  ഒരു കൂട്ടം തൊഴിലാളികൾ കൾ അറിയിച്ചതു. എന്നാൽ ബിന്ദു മേറ്റ് ആയ് തൊഴിലാളികൾക്ക്  കുടിവെള്ളം അതിനുള്ള കലവും ഗ്ലാസും, ഫസ്റ്റ് എയ്ഡ് ബോക്സ്, തണലിനായി ഉള്ള ടാർപ്പോളിൻ ഇവയെല്ലാംതന്നെ പണി സൈറ്റുകളിൽ  കാണാൻ കഴിഞ്ഞു . എന്നാൽ ഇതെല്ലാം തന്നെ മേറ്റ് സ്വന്തം കയ്യിൽ നിന്ന്  വാങ്ങിയതും കുറച്ചു തൊഴിലാളികളിൽ നിന്ന് പിരിച്ചെടുത്ത വാങ്ങിയതുമാനു. ഇതുവഴി  തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങൾ എന്ന അവകാശമാണ് ലംഘിക്കപ്പെട്ടുഇരിക്കുന്നത്.

- തൊഴിലിടങ്ങളിൽ വെച്ച് തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചാൽ ചികിത്സയ്ക്കുള്ള പണം പഞ്ചായത്തിൽനിന്ന് നൽകേണ്ടതുണ്ട്. എന്നാൽ  പത്മജൻ, ബിന്ദു  എന്ന തൊഴിലാളികൾക്ക് പണി ഇടങ്ങളിൽ വച്ച് അപകടം സംഭവിച്ചപ്പോൾ ആശുപത്രിയിൽ കൊണ്ടുപോയ ചിലവു0മരുന്നു വാങ്ങിയ അതിനുള്ള ചിലവും മൊത്തം ചെലവ് മെറ്റ് സ്വന്തം കൈയ്യിൽ നിന്നാണ് നൽകിയത്.  അതിനുള്ള ബില്ലുകൾ എല്ലാം തന്നെ പഞ്ചായത്തിൽ നൽകിയെങ്കിലും ഇതുവരെയും അതിൻറെ പൈസ അക്കൗണ്ടിൽ വന്നിട്ടില്ല എന്നാണ് മെറ്റുമരിൽ നിന്ന് അറിയാൻ കഴിഞ്ഞത്.
- മാലിന്യങ്ങൾ മൂടി കിടക്കുന്നതൊഡുകളിൽ യിറങ്ങി ജോലി ചെയ്യുന്നതിന് വേണ്ടെന്ന്  സുരക്ഷാ ഉപകരണങ്ങളായ കയ്യുറ കാലുറകൾ എന്നിവ അവർക്കുണ്ടായിരുന്നില്ല .തൊഴിലാളികളെല്ലാം തന്നെ പ്ലാസ്റ്റിക് കവറുകലാനു ഉപയോഗിക്കുന്നത്. അത് അവരുടെ സുരക്ഷാ ഉപകരണങ്ങൾ നൽകണമെന്ന്

എന്ന തൊഴിലാളികളുടെ അവകാശമാണ് ലംഘിക്കപ്പെട്ടഇരിക്കുന്നത്.

**<u>സോഷ്യൽ ആഡിറ്റ്പങ്കെടുത്തവർ</u>**

1) ഷൈനി വി എസ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, വെട്ടിക്കവല, കൊല്ലം
2) സലീനാ ബീഗം
3) അനീഷാ എം.
4) അക്ഷര യമുനാ
5) ഗായത്രി കെ. ആർ

## സഹായിച്ചവർ

1) ശ്രീമതി. ധന്യ കൃഷ്ണന്, പഞ്ചായത്ത് പ്രസിഡന്റ്, പവിത്രേശ്വരം, കൊല്ലം

2) പഞ്ചായത്ത് സമിതി അംഗങ്ങളും ജീവനക്കാരും
3) കൊല്ലം ജെ.പി.സി, വെട്ടിക്കവല ബി.ഡി.ഒ , ജോയിന്റ് ബി. ഡി. ഒ & പഞ്ചായത്ത് സെക്രട്ടറി
4) മേറ്റുമാരായ ബിന്ദു, ശോഭനാ, ജയ, ബബിത, ഉമയമ്മ & തൊഴിലാളികളും
5) ശ്രീ പീറ്റർ പ്രദീപ് , ജില്ലാ റിസോഴ്സ് പേഴ്സൺ, സോഷ്യല് ഓഡിറ്റ് കൊല്ലം
6) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളാ ടീം

**Note:** Special thanks and appreciation to the below Staff and Students of “Shree Vidyadhiraja College of Arts And Science, Thevarkavu” who supported us throughout the audit process as part of their field assighment.

1. Anjali Krishnan .R, V,
2. Reshma.S,
3. Sruthi Krishnan
4. Laya Mol
5. Anju A
6. Fathima N.S
7. Muhammad Bilal

Gramsabha Meeting Minutes

